# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3466 — 12.05.2017-ൽ മറുപടിയ്ക്ക്

### സിനിമ-ടിവി സീരിയൽ രംഗത്തുള്ള തൊഴിലാളികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി<br>ശ്രീ.കെ.ബി.ഗണേഷ്കുമാർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) | |
| (എ) | കേരളത്തിലെ സിനിമ രംഗത്ത് വിവിധ വിഭാഗങ്ങളിലായി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു; കാറ്റഗറി തിരിച്ച് തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കാമോ; ഇവരുടെ തൊഴിൽ സുരക്ഷക്കായി സർക്കാർ എന്തൊക്കെയാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ സിനിമ രംഗത്ത് വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ച ക്രോഡീകരിച്ച വിവരം ലഭ്യമല്ല. സിനിമാ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ടി മേഖലയിൽ തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിനുമുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നത്. സിനിമാരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ചികിത്സാധന സഹായമായി പരമാവധി 25,000/-രൂപയും അവശകലാകാരന്മാർക്ക് പ്രതിമാസം 1000/-രൂപ വീതം പെൻഷനും ചലച്ചിത്ര അക്കാദമി നൽകി വരുന്നു. കൂടാതെ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള എല്ലാ അംഗങ്ങൾക്കും ക്ഷേമനിധി പദ്ധതി പ്രകാരമുള്ള എല്ലാവിധ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. |
| (ബി) | സിനിമ വ്യവസായം മൂലം സർക്കാരിന് ലഭിക്കുന്ന മൊത്തം വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച ക്രോഡീകരിച്ച വിവരം ലഭ്യമല്ല. |
| (സി) | കേരളത്തിലെ സിനിമ അനുബന്ധ മേഖലയായ ടിവി സീരിയൽ രംഗത്ത് എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു; ഇവർക്ക് പ്രത്യേക ക്ഷേമനിധിയോ തൊഴിൽ മാനദണ്ഡങ്ങളോ നിലവിലുണ്ടോ; ഇവ എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്? | (സി) | ടിവി സീരിയൽ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച ക്രോഡീകരിച്ച വിവരം ലഭ്യമല്ല. ടി.വി രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പ്രത്യേക ക്ഷേമനിധി നിലവിലില്ല. |

സെക്ഷൻ ഓഫീസർ